₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L L I F E V O I C E

Monthly

Volume 14
Issue 4

**October 2025**

pages 24

"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു"

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

| Volume 14 | Issue 4 | October 2025 | Pages 24 | Rs.5/ |
|---|---|---|---|---|

**Annual Subscription:** Rs.60/-

Editor:

**Dr. SEBASTIAN M.V.**
*MA(Eng), MA(His), MA(Socio),*
*MCom(Edu.Mgt), MPhil(Eng), PhD(Eng)*

**Ph: 95 44 557 557**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in

**Book No.**
**166**

## ഉള്ളടക്കം

| | പേജ് |
|---|---|
| • മക്കൾക്കു ചുറ്റും വേലി കെട്ടുക | 3 |
| • പ്രതികരണങ്ങൾ | 6 |
| • ആസ്യയിലെ ഏഴ് സഭകൾ (20) | 8 |
| • കെ. വി. ഐസക്ക്(അഭിമുഖം)(19) | 11 |
| • ജോർജ്ജും ബേബിയും (4) | 15 |
| • ചോദ്യവും ഉത്തരവും (41) | 18 |
| • യൂത്ത് ക്യാംപ് (ചെറുകഥ) | 20 |
| • ഓരോരോ ജന്മങ്ങള്! (21) | 22 |
| • മതപരിവർത്തന നിരോധന നിയമം | 24 |

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



## എഡിറ്റോറിയൽ

# മക്കൾക്കു ചുറ്റും വേലി കെട്ടുക



സ്വാതന്ത്ര്യം എന്ന പേര് പറഞ്ഞ് കുത്തഴിഞ്ഞ ജീവിതം നയിക്കുന്ന മക്കളാണ് ഇന്ന് പല കുടുംബങ്ങളിലുമുള്ളത്. 'പ്രാർത്ഥനക്കാരുടെ' കുടുംബങ്ങളിലേയും സ്ഥിതി വ്യത്യസ്തമല്ല. മക്കൾ നശിച്ചുകൊണ്ടിരിക്കുന്നത് സ്വന്തം കണ്ണാൽ കണ്ട് നെടുവീർപ്പിട്ട് നിലവിളിക്കേണ്ട സ്ഥിതിയിലാണ് പല മാതാപിതാക്കളും. അവർക്കുവേണ്ടി പ്രാർത്ഥിക്കാതെയല്ല, അവരെ വചനം പഠിപ്പിക്കാതെയല്ല, അവരെ ആത്മികമായ കാര്യങ്ങൾക്ക് ഉത്സാഹിപ്പിക്കാതെയുമല്ല. അവർ നശിച്ചുപോയി. അത്ര തന്നെ. അനേകം മാതാപിതാക്കൾ ഇത് നിമിത്തം നെഞ്ചു നീറിയാണ് കഴിയുന്നത്. അനേകം സഭാശുശ്രൂഷകന്മാർ ഇതുനിമിത്തം തലകുനിച്ചാണ് കഴിയുന്നത്.

മക്കൾ ഇങ്ങനെ വഴിപിഴച്ച് പോകുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് മൊബൈലിന്റെ ദുരുപയോഗമാണെന്നാണ് പല മാതാപിതാക്കളും പറയുന്നത്. ഇതറിഞ്ഞിട്ടും അത് നിയന്ത്രിക്കാൻ അവരെക്കൊണ്ട് കഴിയുന്നുമില്ല. അപ്പോൾ മക്കൾ പിണങ്ങും, അലറിക്കരയും, പട്ടിണി കിടക്കും... അവർ വീട് വിട്ടുപോകുമോ എന്നും അവർ ആത്മഹത്യ ചെയ്തുകളയുമോ എന്നും മാതാപിതാക്കൾ പേടിക്കുന്നു. ഈ പേടിയെ പരമാവധി മുതലാക്കിക്കൊണ്ട് അഴിഞ്ഞാടുകയാണ് പല മക്കളും.

സ്കൂൾകുട്ടികളെപ്പോലും നിയന്ത്രിക്കുന്നതിൽ മാതാപിതാക്കൾ പരാജയപ്പെടുന്നത് കണ്ട് അന്തം വിട്ടു നിൽപ്പാണ് എന്നെപ്പോലെയുള്ളവർ. മക്കളാണ് പല വീടുകളും ഭരിക്കുന്നത്. സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടി ആത്മഹത്യ ചെയ്താൽ, ആ സ്കൂളിലെ, ആ പ്രദേശത്തെ എല്ലാ കുട്ടികൾക്കും പിന്നെ കുശാലായി. ഇനി ആരും അവരെ വഴക്കു പറയില്ല. പഠിക്കുന്നതിന് നിർബന്ധിക്കുകയില്ല. വീട്ടിൽ വൈകി വരുന്നതിന് ശകാരിക്കുകയില്ല. പ്രേമബന്ധങ്ങൾക്ക് എതിർ പറയുകയില്ല. സുഖമയം. സന്തോഷമയം. ആത്മഹത്യ ചെയ്ത കുട്ടിയെക്കൊണ്ട് മറ്റു കുട്ടികൾക്കുണ്ടായ ഉപകാരം!

**മൊബൈൽ നിയന്ത്രിക്കാം**

മൊബൈൽ ഉപയോഗിക്കരുതെന്ന് കുട്ടികളോട് പറയുന്നത് ഈ കാലഘട്ടത്തിന് ചേർന്നതല്ല. എന്നാൽ അവരുടെ ഉപയോഗം നിയന്ത്രിക്കുന്നതിന്

മാതാപിതാക്കൾ ശ്രദ്ധിക്കണം. അവരുടെ പിന്നാലെ ഏതു നേരവും നടക്കാൻ പറ്റുമോ എന്നാണ് ചിലർ ചോദിക്കുന്നത്. മക്കളുടെ മൊബൈലിന്റെ ഉപയോഗം നിയന്ത്രിക്കാൻ ഉതകുന്ന മാർഗ്ഗങ്ങൾ നാം ഉപയോഗിക്കണം. അവരെ ഉപദേശിക്കണം. മൊബൈൽ ഉപയോഗിക്കുന്നതിന് ഒരു സമയനിഷ്ഠ വയ്ക്കണം.

മൊബൈലിന്റെ വിശാലമായ ലോകത്ത്, കുട്ടികൾ ഒറ്റയ്ക്ക് യാത്ര ചെയ്യുന്നതുകൊണ്ട്, അവർ എത്തിച്ചേരുന്നത് പലപ്പോഴും മോശം സ്ഥലങ്ങളിലാണ്. ചില കാര്യങ്ങൾ അറിയാനും കാണാനും ഉള്ള അവരുടെ കൗതുകം നിമിത്തം ഏറ്റവും വൃത്തികെട്ട സ്ഥലങ്ങൾ (സൈറ്റുകൾ) അവർ തുടർച്ചയായി സന്ദർശിക്കുകയും അങ്ങനെ അവരുടെ മനസ്സിന്റെ നിയന്ത്രണം നഷ്ടപ്പെടുകയും ചെയ്യുന്നു. ദൈവഭക്തി കുറഞ്ഞുവരികയും ദൈവം വെറുക്കുന്ന കാര്യങ്ങൾ അവർ ചെയ്തുകൂട്ടുകയും ചെയ്യുന്നു.

മോശം സൈറ്റുകൾ സന്ദർശിക്കുക, മോശം കൂട്ടുകെട്ടുകളിൽ അകപ്പെടുക, പഠനത്തിലും ആത്മികകാര്യങ്ങളിലും താത്പര്യം നഷ്ടപ്പെടുക, പെട്ടെന്നു കോപിക്കുക, ധിക്കാരം കാണിക്കുക, പെൺകുട്ടികൾ മാന്യമായ വസ്ത്രധാരണം ഒഴിവാക്കുകയും ആൺകുട്ടികൾ തലമുടിയിൽ ഫാഷനുകൾ വരുത്തുകയും ചെയ്യുക, പ്രേമക്കുരുക്കിൽ പെട്ട് എപ്പോഴും ഇക്കിളി സ്വപ്നങ്ങളും ചിന്തകളുമായി നടക്കുക എന്നിങ്ങനെ കുട്ടികൾ അധഃപതനത്തിന്റെ പാതാളക്കുണ്ടിലേക്ക് താണുപോകുന്നു. ഇത് തടയേണ്ടത് മാതാപിതാക്കളല്ലാതെ മറ്റാരാണ്? മൊബൈലിന്റെ വിവിധ ഉപയോഗങ്ങളെക്കുറിച്ച് പല മാതാപിതാക്കൾക്കും അറിഞ്ഞുകൂടാ എന്നതാണ് മറ്റൊരു ദുരന്തം. മാതാപിതാക്കളുടെ ഈ അജ്ഞത കുട്ടികളുടെ വൈകൃതങ്ങൾക്ക് വളമാവുകയും ചെയ്യുന്നു.

**പാരന്റൽ കണ്ട്രോൾ ആപ് ഉപയോഗിക്കുക**

മക്കളുടെ മൊബൈലിന്റെ ദുരുപയോഗം തടയുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്തിട്ടുള്ള ചില സാങ്കേതികവിദ്യകൾ ഉണ്ട്. അതിലൊന്നാണ് പാരന്റൽ കണ്ട്രോൾ ആപ് (parental control apps). ഇതിന്റെ വിശദാംശങ്ങൾ ഗൂഗിളിൽ സെർച് ചെയ്താൽ കിട്ടുന്നതാണ്. അത് വിശദീകരിച്ചുകൊണ്ടുള്ള വീഡിയോകളും ലഭ്യമാണ്. ഈ ആപുകൾ മാതാപിതാക്കളുടെ മൊബൈലിലും കുട്ടികളുടെ മൊബൈലിലും ഇൻസ്റ്റാൾ ചെയ്യണം. അതിന് അശേഷം ചെലവില്ല എന്നറിയാമല്ലോ. തുടർന്ന് ആപ് തരുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് നാം വേണ്ട കാര്യങ്ങൾ ടൈപ് ചെയ്തു കൊടുക്കണം. അഞ്ചോ പത്തോ മിനിറ്റുകൾ മാത്രം സമയം ചെലവഴിച്ചാൽ നിങ്ങളുടെ മക്കളെ പിശാച് സ്വന്തമാക്കാൻ വരുന്ന വലിയ വാതിലിലൊന്ന് നിങ്ങൾക്ക് കൊട്ടിയടയ്ക്കാൻ കഴിയും.

**പാരന്റൽ കണ്ട്രോൾ ആപ് - ഗുണങ്ങൾ**

(1) കുട്ടികൾ ഒരു ദിവസം എത്ര സമയം മൊബൈൽ ഉപയോഗിക്കണമെന്ന് സെറ്റ് ചെയ്യാം. ആ സമയത്തിൽ കൂടുതൽ കുട്ടികൾക്ക് മൊബൈൽ ഉപയോഗിക്കാൻ കഴിയില്ല.

(2) രാത്രി കിടന്നുറങ്ങേണ്ട സമയത്തും ഭക്ഷണം കഴിക്കുന്ന സമയത്തുമെല്ലാം മൊബൈൽ ഉപയോഗിക്കുന്നത് തടയാം.

(3) ആവശ്യമില്ലാത്ത സൈറ്റുകൾ, വീഡിയോകൾ എന്നിവയെല്ലാം ബ്ലോക്ക് ചെയ്യാം.

(4) നിങ്ങളുടെ കുട്ടികളുടെ ലോക്കേഷൻ മനസ്സിലാക്കാം.

(5) നിങ്ങൾ ജോലിസ്ഥലത്തും കുട്ടി വീട്ടിലുമാണെങ്കിൽ, കുട്ടി മൊബൈലിൽ എന്താണ് കാണുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാക്കാനും വേണ്ടി വന്നാൽ അത് നിങ്ങളുടെ സ്ഥലത്തിരുന്നു തന്നെ ബ്ലോക്ക് ചെയ്യാനും കഴിയും.

**അനാവശ്യ നിയന്ത്രണമാകുമോ?**

ഇത്തരം സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് എങ്ങനെയാണ് അനാവശ്യനിയന്ത്രണമാകുന്നത്? മാതാപിതാക്കൾ അവരുടെ മക്കളെ അന്ധമായി വിശ്വസിക്കരുത്. അവരോട് മൊബൈൽ കാണരുതെന്ന് നാം പറയുന്നില്ലല്ലോ. ആവശ്യമില്ലാത്തവയും തെറ്റായവയും കാണരുത് എന്നല്ലേ നാം പറയുന്നത്? സാത്താൻ യഹോവയോട് ഇയ്യോബിനെക്കുറിച്ച് പറഞ്ഞത് കേൾക്കുക: “വെറുതെയോ ഇയ്യോബ് ദൈവഭക്തനായിരിക്കുന്നത്? നീ അവനും അവന്റെ വീട്ടിനും അവനുള്ള സകലത്തിനും ചുറ്റും വേലികെട്ടിയിട്ടല്ലയോ?” (ഇയ്യോബ് 1:10).

അതെ, സ്നേഹമുള്ള അപ്പന്മാർ മക്കളുടെ ചുറ്റും വേലികെട്ടും. അതാണ് ദൈവം ഇയ്യോബിനോട് ചെയ്തത്. ഭൂമിയിലെ അപ്പന്മാരും (അമ്മമാരും) അത് ചെയ്യണം. മക്കൾക്കും അവരുടെ മൊബൈലിനും അവർക്കുള്ള സകലത്തിനും ചുറ്റും വേലികെട്ടണം. പാരന്റൽ കണ്ട്രോൾ ആപ് പ്രയോജനപ്പെടുത്തിയിട്ടുള്ള, വിശ്വാസികളായ ചില മാതാപിതാക്കളുണ്ട് എന്ന കാര്യം സന്തോഷത്തോടെ അറിയിക്കുന്നു. എനിക്ക് പരിചയമുള്ള ഒരു ദമ്പതികളുടെ ഏകമകൾ ഇപ്പോൾ പ്ലസ്റ്റുവിന് പഠിക്കുന്നു. അവളുടെ മൊബൈലിന്റെ ഉപയോഗം മാതാപിതാക്കളുടെ നിരീക്ഷണത്തിൻകീഴിലാണ്. ആ കുട്ടിക്ക് അതിൽ പരാതിയുള്ളതായി തോന്നുന്നില്ല.

മാതാപിതാക്കളേ, മക്കളെ വേലികെട്ടി സംരക്ഷിക്കൂ.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Pr. Jose M J, Kumblampoika, Pathanamthitta

ആഗസ്റ്റ് മാസത്തിലെ എഡിറ്റോറിയൽ (*വിശ്വാസികൾക്ക് വിവേകം നഷ്ടപ്പെടുമ്പോൾ*) വളരെ പ്രയോജനകരമായിരുന്നു. കുടുംബത്തിലും സഭയിലും വിവേകമില്ലാത്തവർ വരുത്തുന്ന പാളിച്ചകൾ വളരെ ഭംഗിയായി ആ ലേഖനത്തിൽ കൊടുത്തിട്ടുണ്ട്. കെ.വി.ഐസക്, പീച്ചിയുടെ അഭിമുഖം ഒരു ബുക്ക്ലെറ്റ് പോലെ ആക്കിയാൽ കൊള്ളായിരുന്നു. ആ പരമ്പര പൂർത്തിയാകുമ്പോൾ അതിന്റെ പിഡിഎഫ് എനിക്ക് അയച്ചുതരുമല്ലോ. മാസികയിലെ ലേഖനങ്ങളെല്ലാം അനുഗ്രഹിക്കപ്പെട്ടവയാണ്. അഭിനന്ദനം അർഹിക്കുന്നു.

## Antony V P, Manjapra, Ernakulam

*റിയൽ ലൈഫ് വോയ്സ്* മാസിക ഞങ്ങൾക്ക് തുടർച്ചയായി ലഭിക്കുന്നുണ്ട്. താങ്കളുടെ അദ്ധ്വാനത്തെ ഓർത്ത് ഞങ്ങൾ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. നിങ്ങളുടെ ശുശ്രൂഷയെ ദൈവം തന്റെ മഹത്വത്തിനായി തുടർന്നും അനുഗ്രഹിക്കമാറാകട്ടെ. ഞങ്ങളുടെ പുതിയ അഡ്രസ്സ് നിങ്ങളുടെ ഡയറക്ടറിയിൽ ചേർക്കുമല്ലോ. മാസിക മുടക്കം കൂടാതെ കിട്ടണമെന്ന് ഞങ്ങൾക്ക് ആഗ്രഹമുണ്ട്.

## K V Thomas, Angamaly, Ernakulam

2025 ആഗസ്റ്റ് ലക്കം എഡിറ്റോറിയലിൽ, വിവാഹവേദിയിലെ സമയ ദൈർഘ്യം, സംസ്കാരശുശ്രൂഷയിൽ മനുഷ്യരെ തൃപ്തിപ്പെടുത്തൽ ഇവ രണ്ടും മികച്ച നല്ല അഭിപ്രായം തന്നെയാണ്.

പക്ഷേ, കുടുംബപ്രാർത്ഥനയിൽ ഉല്പത്തി മുതൽ വെളിപ്പാട് വരെ ക്രമമായി വായിക്കുന്നതിനെ വിമർശിച്ചതിനോട് യോജിപ്പില്ല. ബൈബിൾ വള്ളി പുള്ളി ഒഴിവാക്കാതെ വായിക്കാനുള്ളതാണ്. കഴിഞ്ഞ നീണ്ട വർഷങ്ങൾ ഞങ്ങൾ കുടുംബപ്രാർത്ഥനയിൽ സത്യവേദപുസ്തകം മുഴുവനായിട്ടും വായിക്കുന്നു. അത് അങ്ങനെത്തന്നെ തുടരണം എന്നാണ് ആഗ്രഹം. അതു

മൂലം ഒരു പ്രത്യാഘാതവും ഞങ്ങളുടെ കുടുംബത്തിൽ ഉണ്ടായിട്ടില്ല. പത്രാധിപരുടെ അഭിപ്രായം വളരെ ഇടുങ്ങിയ ചിന്താഗതിയായേ ഞാൻ കാണുന്നുള്ളൂ. **(എഡിറ്റർ: കുടുംബപ്രാർത്ഥനയിൽ ഉല്പത്തി മുതൽ വെളിപ്പാട് വരെ വായിക്കണമെന്ന് ഒരു നിബന്ധന ദൈവം വച്ചിട്ടില്ലാത്തതുകൊണ്ട്, വചനഭാഗങ്ങൾ വായിക്കുമ്പോൾ ആ സാഹചര്യത്തിനു യോജിച്ചവ മാത്രം വായിക്കുന്നാണ് ഉചിതം. എന്റെ അഭിപ്രായം പറഞ്ഞതാണ്.)**

പൊതുസ്ഥലത്ത് ഉമ്മവച്ച് നിൽക്കുന്ന കമിതാക്കളെ ന്യായീകരിച്ചും ലോത്തിന്റെ മക്കളുടെ പ്രവൃത്തിയെ അംസബന്ധമായും കാണുന്നത് ഇരട്ടത്താപ്പാണ്. **(എഡിറ്റർ: കമിതാക്കളുടെ കാര്യം ഇവിടെ തൃശ്ശൂരിൽ നടന്ന ഒരു സംഭവമാണ്. അതിനെ ഞാൻ ന്യായീകരിച്ചു എന്ന് ഏതെങ്കിലും വായനക്കാർക്ക് തോന്നിയാൽ, അത് അവരുടെ വായനയിലെ അപാകത നിമിത്തമാണ്)**

## Reji Cheruvathur, Pazhanji, Thrissur

2025 സെപ്റ്റംബർ മാസത്തിലെ എഡിറ്റോറിയൽ വായിച്ചു. വളരെ വ്യക്തമായി ആനുകാലിക വിഷയത്തെക്കുറിച്ച് അതിശക്തമായി പ്രതികരിച്ചതിന് അഭിനന്ദനങ്ങൾ. ഇന്ത്യ ഒരു മതരാഷ്ട്രമല്ല, മതരഹിത രാഷ്ട്രമല്ല, മതവിരുദ്ധ രാഷ്ട്രവുമല്ല, പിന്നെയോ ഒരു മതേതര രാഷ്ട്രമാണ്.

## A V Jose, Maruthancode, Thrissur

സെപ്റ്റംബർ മാസിക വായിച്ചു. സന്തോഷിക്കുന്നു. മടങ്ങിവന്ന മാസികകളുടെ പൂർണ്ണവിലാസം അല്ലല്ലോ കൊടുത്തിരിക്കുന്നത് **(എഡിറ്റർ: അവർക്ക് മാസിക അയയ്ക്കുന്നത് പൂർണ്ണമായ മേൽവിലാസത്തിൽ തന്നെയാണ്. മാസികയിൽ അത് ചുരുക്കികൊടുക്കുന്നുവെന്നു മാത്രം)** ഓസ്തി ബാക്കിവന്നത് കഴിച്ചതിന് ശിക്ഷയോ? ആ അച്ചന്റെ പേരുകൂടി എഴുതാമായിരുന്നു. "എന്നാൽ സെബാസ്റ്റ്യൻ എന്ന ബലിയാട് ഓരോ തവണയും തിരിച്ചുവന്നു" ദൈവത്തിനു സ്തോത്രം!

### കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| Varghese M A, Kidangoor, Ernakulam | No reason given |
| John Baby, Chengalam, Kottayam | Left |
| Church of Christ, SH Mount, Kottayam | Not known |
| P V Varghese, Passupara, Idukki | No reason given |
| Abraham K A, Kallissery, Chengannur | Deceased |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

# ആസ്യയിലെ ഏഴ് സഭകൾ

20

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## തുയഥൈരയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:18-29)

*ഞാൻ അവൾക്ക് മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും*
*ദുർന്നടപ്പ് വിട്ട് മാനസാന്തരപ്പെടുവാൻ അവൾക്ക് മനസ്സില്ല (2:21)*

ഈസെബേൽ എന്ന കള്ളപ്രവാചകിയുടെ ഉപദേശത്തിലും സ്വാധീനത്തിലും ആ സഭയിലുള്ളവർ വീണുപോയതിൽ കടുത്ത അതൃപ്തിയാണ് കർത്താവ് പ്രകടിപ്പിക്കുന്നത്. തന്റെ രക്തത്താൽ താൻ സമ്പാദിച്ച സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്ന കള്ളപ്രവാചകിയുടെ നേരെ തന്റെ ഉഗ്രക്രോധം വർഷിച്ച് അവളെ നശിപ്പിക്കാൻ കർത്താവ് ശ്രമിക്കുന്നില്ല. പകരം അവൾക്ക് മാനസാന്തരപ്പെടാൻ സമയം അനുവദിക്കുകയാണ് അവിടുന്ന് ചെയ്തത്. എത്ര വലിയ ദുഷ്ടനായാലും കർത്താവ് അവന്/അവൾക്ക് മാനസാന്തരപ്പെടുവാൻ സമയം കൊടുക്കും. ദൈവത്തിന്റെ സ്നേഹവും ദീർഘക്ഷമയും നിമിത്തമാണ് അങ്ങനെ ചെയ്യുന്നത്.

പക്ഷേ അവൾ ദുർന്നടപ്പ് ഉപേക്ഷിക്കാൻ തയ്യാറായില്ല. മാനസാന്തരപ്പെടുവാൻ മനസ്സു കാണിച്ചില്ല. ദൈവത്തിന്റെ സ്നേഹത്തെയും ദീർഘക്ഷമയെയും പരിഹസിക്കുന്ന തരത്തിലുള്ള പെരുമാറ്റമാണിത്. പല വിശ്വാസികളുടെയും അവസ്ഥ ഇതിൽ നിന്ന് വ്യത്യസ്തമല്ല. ഏതെങ്കിലും പാപത്തിലൂടെ മുന്നേറുന്ന ഒരു വ്യക്തിയെ ദൈവം ഉടനടി ശിക്ഷിക്കാത്തത്, ദൈവം അവനോട് കാണിക്കുന്ന ദയയും ദീർഘക്ഷമയും സ്നേഹവും നിമിത്തമാണ്. അല്ലാതെ അവന്റെ തെറ്റിനെ നിസ്സാരമായി കണ്ടിട്ടല്ല. തെറ്റുകൾക്കെല്ലാം ദൈവം ഉടനെ ശിക്ഷിക്കാൻ തുടങ്ങിയാൽ പിന്നെ നാമില്ല എന്നതാണ് വാസ്തവം. നാം നശിച്ചുപോകരുതെന്നും ദൈവമുമ്പാകെ അപമാനിതരായ അവസ്ഥയിൽ നിൽക്കാൻ ഇടവരരുതെന്നും ആഗ്രഹിക്കുന്ന ദൈവം നമ്മോട് അത്യധികം ദീർഘക്ഷമയോടെ പെരുമാറുകയാണ്.

*ഞാൻ അവളെ കിടപ്പിലും അവളുമായി വ്യഭിചരിക്കുന്നവരെ*
*അവളുടെ നടപ്പു വിട്ട് മാനസാന്തരപ്പെടാതിരുന്നാൽ*
*വലിയ കഷ്ടതയിലും ആക്കിക്കളയും (2:22)*

'ദുർന്നടപ്പ്' വചനാനുസൃതം തെറ്റല്ലെന്ന് ഉപദേശിച്ച് സഭയിലെ പലരെയും വശത്താക്കിയ ആ കള്ളപ്രവാചകി (2:20), താനുമായി വ്യഭിചരിക്കുന്നതിനു വരെ സൗകര്യമൊരുക്കി. അത്തരം കാര്യങ്ങൾ തെറ്റല്ലെന്ന് അവൾ പലരെയും 'തെളിവുകൾ' സഹിതം സമ്മതിപ്പിച്ചിരുന്നതുകൊണ്ട് അവളുമായി ചേർന്നുള്ള വ്യഭിചാരം ആർക്കും മോശമായി തോന്നിയില്ല! ദൈവത്തിന്റെ സഭയിലാണ് ദൈവവചനത്തിലെ വാക്യങ്ങളെ വളച്ചൊടിച്ചും പരിശുദ്ധാത്മാവിന്റെ പേരിൽ കള്ളത്തരങ്ങൾ പറഞ്ഞും ഈ തോന്നിവാസങ്ങൾ കാണിച്ചുകൂട്ടുന്നത്. മഹാപരിശുദ്ധനായ ദൈവം എന്നിട്ടും ദീർഘക്ഷമ കാണിക്കാൻ തയ്യാറായി. അവളുമായി വ്യഭിചരിക്കുന്നവർക്കും മാനസാന്തരപ്പെടാൻ സമയം കൊടുത്തു. മാനസാന്തരപ്പെട്ടില്ലെങ്കിൽ വലിയ കഷ്ടതയിൽ ആക്കിക്കളയും എന്ന മുന്നറിയിപ്പും കൊടുത്തു. അനുസരിച്ചാൽ അവർക്ക് നല്ലത്.

*അവളുടെ മക്കളെയും ഞാൻ കൊന്നുകളയും. ഞാൻ*
*ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്ന്*
*സകല സഭകളും അറിയും. നിങ്ങളുടെ പ്രവൃത്തിക്കു*
*തക്കവണ്ണം ഞാൻ നിങ്ങൾക്ക് ഏവർക്കും പകരം ചെയ്യും (2:23)*

ദൈവത്തെക്കുറിച്ച് മൂന്നു കാര്യങ്ങളാണ് ഈ വാക്യത്തിലുള്ളത്.

**1. ദുരുപദേശം പിന്തുടരുന്നവരെ കൊന്നുകളയുന്നവൻ**

അവളുടെ മക്കൾ = ഈസെബേൽ എന്ന കള്ളപ്രവാചകിയുടെ ഉപദേശങ്ങൾ സ്വീകരിച്ചിരിക്കുന്നവർ. നാം ദൈവത്തിന്റെ മക്കളാണ്. പക്ഷേ പല ദൈവമക്കളും ഇന്ന് ചില പ്രസംഗകന്മാരുടെയും പ്രവാചകന്മാരുടെയും മക്കളായിത്തീർന്നിരിക്കയാണ്. ഈസെബേലിന്റെ മക്കൾ എന്ന പദവിയിൽ ഇരിക്കാനല്ല കർത്താവ് അവരെ വീണ്ടെടുത്തത്, ദൈവത്തിന്റെ മക്കളായി അവർ കാണപ്പെടേണ്ടതിനാണ്. നാം ആരുടെ മക്കളാണ്? വിലയിരുത്തുക. ഏതെങ്കിലും ദൈവദാസന്റെ അടിമയെപ്പോലെ കഴിയേണ്ട കാര്യം ദൈവമക്കൾക്കില്ല. ദൈവസഭയിലെ ഗ്രൂപ്പിസത്തിനു കാരണം പല വിശ്വാസികളും ദൈവത്തിന്റെ മക്കൾ എന്ന പദവി വിട്ട് ഏതെങ്കിലും വ്യക്തിയെ അന്ധമായി പിൻപറ്റുന്നതാണ്.

അത്തരക്കാരെ ദൈവം നശിപ്പിക്കും. അവർ സമയത്തിനു മുൻപ് ഏതെങ്കിലും വിധത്തിൽ മരിക്കും. ദൈവസഭയിൽ വ്യക്തിപൂജ നടത്തുന്നവർ ഈ മുന്നറിയിപ്പ് കണ്ട് മനം തിരിഞ്ഞെങ്കിൽ കൊള്ളാമായിരുന്നു.

### 2. ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ

ഉൾപൂവ് = മനസ്സ്. ആളുകളുടെ മനസ്സുകളെയും ഹൃദയങ്ങളെയും ആരായുന്നവനാണ് ദൈവം. എന്നാൽ മൂലഭാഷയായ ഗ്രീക്കിൽ ഉൾപൂവുകളും ഹൃദയങ്ങളും എന്നതിനു ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ വായനക്കാരിൽ വലിയ കൗതുകം ഉളവാക്കുന്നവയാണ്. nephros (നെഫ്രോസ്), kardia (കാർഡിയാ) എന്നീ പദങ്ങളാണവ. നെഫ്രോസ് = കിഡ്നികൾ. കാർഡിയാ = ഹൃദയങ്ങൾ.

ദൈവം മനുഷ്യരുടെ നെഫ്രോസും കാർഡിയായും പരിശോധിക്കുന്നു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം, നമ്മുടെ കിഡ്നിയും ഹൃദയവും ദൈവം ചികഞ്ഞുനോക്കുന്നു എന്നാണ്. കിഡ്നിയും ഹൃദയവും പരിശോധിച്ചാൽ നമ്മുടെ ആരോഗ്യവിവരം വ്യക്തമാകും. ഈ രണ്ട് അവയവങ്ങളും ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്ന് നമുക്ക് ടെസ്റ്റുകളിലൂടെ മാത്രമേ അറിയാനൊക്കൂ. ദൈവം പക്ഷേ അത് വ്യക്തമായി അറിയുന്നു. യാതൊരു ടെസ്റ്റും ദൈവത്തിനാവശ്യമില്ല.

നമ്മുടെ കിഡ്നിയും ഹൃദയവും പരിശോധിച്ചറിയുന്നവനാണ് ദൈവമെന്ന ആശയം ബൈബിളിൽ പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്.

"നീതിമാനായ ദൈവം **ഹൃദയങ്ങളെയും** അന്തിരിന്ദ്രിയങ്ങളെയും **(കിഡ്നികളെയും)** ശോധന ചെയ്യുന്നുവല്ലോ" (സങ്കീർത്തനങ്ങൾ 7:9)

"അന്തരംഗവും **(കിഡ്നിയും)** ഹൃദയവും ശോധന കഴിക്കയും ചെയ്യുന്ന സൈന്യങ്ങളുടെ യഹോവേ..." (യിരമ്യാവ് 11:20)

"യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്ത് അന്തരംഗങ്ങളെ **(കിഡ്നിയെ)** പരീക്ഷിച്ച്..." (യിരമ്യാവ് 17:10)

മേല്പറഞ്ഞ എല്ലാ വാക്യങ്ങളിലും കിഡിനി എന്ന് അർത്ഥം വരുന്ന പദങ്ങൾ തന്നെയാണ് മൂലഭാഷയായ ഹീബ്രുവിലും ഉപയോഗിച്ചിട്ടുള്ളത്. നമ്മുടെ രഹസ്യങ്ങൾ എല്ലാം മനസ്സിലാക്കുന്ന ദൈവം എന്ന ആശയമാണ് ഈ പദപ്രയോഗത്തിലൂടെ വ്യക്തമാകുന്നത്. ഈ ദൈവത്തിൽനിന്നു നമുക്ക് ഒന്നും ഒളിപ്പിക്കാനാകില്ല. ഈ ദൈവത്തിന്റെ അടുത്ത് നമ്മുടെ ഒരു തെറ്റിദ്ധരിപ്പിക്കലും നടക്കില്ല. കാരണം നമ്മുടെ ദൈവം നമ്മുടെ കിഡ്നിയും ഹൃദയവും ചിക്കിചികഞ്ഞ് പരിശോധിക്കുന്നവനാണ്.

### 3. പ്രവൃത്തിക്കു തക്കവണ്ണം പകരം ചെയ്യുന്നവൻ

നമ്മുടെ പ്രവൃത്തികൾ പരിശോധിക്കുന്നവനും വിലയിരുത്തുന്നവനുമായ ദൈവമുമ്പാകെയാണ് നാം ജീവിക്കുന്നത് എന്ന കാര്യം നമുക്ക് എപ്പോഴും ഓർക്കാം.

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (19)

**അഭിമുഖം**



## 25. കൂട്ടുകാരന്റെ ആത്മഹത്യ

മറ്റുള്ളവരോട് സുവിശേഷം പങ്കുവയ്ക്കുന്ന അനുഭവം പലപ്പോഴും മാധുര്യമുള്ളവയാണ്. ചിലപ്പോൾ വളരെ ദുഃഖമുളവാക്കുന്നവയുമാണ്. ഒരു സുവിശേഷവേലക്കാരനല്ലാത്ത കാലത്തും ഞാൻ ആളുകളോട് സുവിശേഷം പറയുമായിരുന്നു. ഒരു ദിവസം ഞാൻ എന്റെ സുഹൃത്തും അയൽക്കാരനുമായ ഒരു വ്യക്തിയോട് സുവിശേഷം പങ്കുവച്ചു. എന്റെ ഒരു കൂട്ടുസഹോദരനും എന്നോടൊപ്പം അന്നേരം ഉണ്ടായിരുന്നു. അതിനെത്തുടർന്ന് ചില മാസങ്ങളോളം അദ്ദേഹം പീച്ചിസഭയിൽ യോഗത്തിനു വന്നുകൊണ്ടിരുന്നു.

സ്നാനപ്പെടണമെന്ന് അദ്ദേഹത്തിന് താത്പര്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ കത്തോലിക്കാപശ്ചാത്തലത്തിലുള്ളവളായിരുന്നു. “നിങ്ങൾ സ്നാനപ്പെട്ടാൽ അന്ന് ഞാൻ ആത്മഹത്യ ചെയ്യും” എന്ന് അവൾ അദ്ദേഹത്തോട് പറഞ്ഞു. ആ സാധുവായ സഹോദരൻ എന്റെ വീട്ടിൽ വന്ന് എന്നോട് പറഞ്ഞു. “ഐസക്കേ, എന്റെ ഭാര്യ ആത്മഹത്യ ചെയ്യുമെന്നാണ് പറയുന്നത്” ഞാൻ പെട്ടെന്ന് മറുപടി പറഞ്ഞത് ഇപ്രകാരമാണ്: “നീ സ്നാനപ്പെട്ടാൽ നീ ജീവിച്ചിരിക്കും. നിന്റെ ഭാര്യ ആത്മഹത്യ ചെയ്യും. നീ പിന്മാറിപ്പോയാൽ നീ ആത്മഹത്യ ചെയ്യും. നിന്റെ ഭാര്യ ജീവിച്ചിരിക്കും.”

ഞാൻ അവനെ ശക്തിപ്പെടുത്തിക്കൊണ്ട് പിന്നെയും പറഞ്ഞു: “നിന്റെ ഭാര്യ ആത്മഹത്യ ചെയ്യുകയില്ല. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നാണ് ബൈബിളിൽ പറഞ്ഞിരിക്കുന്നത്. നീ വചനം അനുസരിച്ചാൽ നിന്റെ ഭാര്യയും മക്കളും അനുസരിക്കും.” പ്രയോജനമുണ്ടായില്ല. അവൻ പിന്മാറിപ്പോയി. പിന്നീട് ഞാൻ പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. അവൻ നിരാശനായിത്തീർന്നു.

ഒരു ദിവസം ഞാൻ നടന്നുവരുമ്പോൾ സഹോദരന്മാർ എന്നെ കാത്തുനിൽപ്പുണ്ടായിരുന്നു. അവർ എന്നോട്, “തോമസ് ആത്മഹത്യ ചെയ്തു” എന്ന് പറഞ്ഞു. “പ്രാർത്ഥനായോഗങ്ങൾക്ക് പോയിട്ടാണ് എന്റെ ഭർത്താവ് ആത്മഹത്യ ചെയ്തത്” എന്ന് അവന്റെ ഭാര്യ പറഞ്ഞതിനെത്തുടർന്ന്

ചില പ്രശ്നങ്ങൾ അവിടെ ഉണ്ടായി. ഞങ്ങളുടെ സഹോദരന്മാരെ അവർ ഭീഷണിപ്പെടുത്തി. ഞാൻ അങ്ങോട്ടു ചെന്നാൽ അവർ ആക്രമിച്ചേക്കും എന്ന് സഹോദരന്മാർ പറഞ്ഞു. എനിക്ക് അത്തരം പേടി ഇല്ലാത്ത ആളായതു കൊണ്ട് ഞാൻ ആ സഹോദരന്മാരെയും കൂട്ടി ആ വീട്ടിലേക്ക് ചെന്നു. മൃത ശരീരം പോലീസ് കൊണ്ടുപോയിരുന്നു. ഞാൻ ആ വീട്ടിൽ കയറി പ്രാർത്ഥി ച്ചിട്ടാണ് പോന്നത്.

സുവിശേഷം അനുസരിക്കാത്ത അനേകം ഭീരുക്കളുണ്ട്. അത്തരത്തി ലുള്ള ഒരു അനുഭവമാണ് ഞാൻ ഇപ്പോൾ പങ്ക് വച്ചത്. ആ കുടുംബം മുടി ഞ്ഞുപോയി എന്നു തന്നെ പറയാം. അവരുടെ ഒരു മകൻ അപകടത്തിൽ മരിച്ചു. മറ്റൊരു മകൻ മാനസികരോഗിയായി. ആ സഹോദരിയും അത്യ ധികം നിരാശയിൽ നിപതിക്കുകയും പിന്നീട് മാനസികരോഗിയായി മരി ക്കുകയും ചെയ്തു. സുവിശേഷം അനുസരിക്കുന്നവർക്കാണ് രക്ഷ. ആ സഹോദരൻ കർത്താവിനെ ഏറ്റു പറഞ്ഞയാളാണ്. സ്നാനപ്പെടാൻ താത്പര്യം കാണിച്ചയാളാണ്. പക്ഷേ ഭാര്യയുടെ മുമ്പിൽ ഭീരുവായി മാറി.

ഇത്തരം ഭീരുത്വങ്ങൾ ചില വിശ്വാസികൾക്കുമുണ്ട്. തങ്ങളുടെ മക്കൾ ക്കുവേണ്ടി വിശ്വാസം ത്യജിക്കുന്ന വിശ്വാസികൾ ഉണ്ട്. മക്കളുടെ പ്രേമക ല്യാണങ്ങൾക്കുമുന്നിൽ, മക്കളുടെ പിന്മാറ്റങ്ങൾക്കു മുന്നിൽ വിശ്വാസം ത്യജി ക്കുന്ന വിശ്വാസികളെ കാണാം. അതും ആത്മഹത്യാപരമാണ്. അവർ ഇതു വരെ കരുതിവച്ച സകല പ്രതിഫലവും നഷ്ടപ്പെടുവാൻ തക്കവിധമുള്ള താണ് ഇത്തരം പിന്മാറ്റങ്ങൾ. അവർക്ക് ഒരു പ്രതിഫലവും ലഭിക്കാത്ത അവസ്ഥ വരും. അനന്യാസ്-സഫീര ദമ്പതികൾ നരകത്തിലേക്ക് പോയിട്ടി ല്ല. പക്ഷേ അവർ മുമ്പേ കാണിച്ച തീവ്രമായ വിശ്വാസത്തിന്റെ എല്ലാ പ്രതി ഫലവും നഷ്ടപ്പെട്ടവരായി അവർ കാണപ്പെടും. അങ്ങനെ അനേകരുണ്ട്.

കർത്താവ് പറഞ്ഞത്, "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മ യെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" (ലൂക്കൊസ് 14:25-27) എന്നാണ്. അനേകം വിശ്വാസികൾ ഇപ്പോൾ ഭീരുക്കളായി പിന്മാ റിയിട്ടുണ്ട്. ഉപദേശവിഷയങ്ങളുടെ മുമ്പിൽ, തങ്ങളുടെ മക്കളുടെ വിവാഹജീ വിതകാര്യങ്ങളുടെ മുമ്പിൽ, ഭാര്യഭർത്തൃബന്ധത്തിലെ ജീവിതക്രമക്കേടു കളുടെ മുമ്പിൽ ഭയന്നുപോയവർ ധാരാളം പേരുണ്ട്.

എന്റെ മരുമകനോടുകൂടെ മസ്കറ്റിൽ ജോലി ചെയ്തിരുന്ന രക്ഷിക്ക പ്പെട്ട ഒരു സഹോദരൻ... അദ്ദേഹം ഇപ്പോൾ തൃശ്ശൂരിൽ മാർക്കറ്റിൽ ഒരു പച്ചക്കറിക്കട നടത്തുന്നു. മസ്കറ്റിൽ ആയിരിക്കുമ്പോൾ അദ്ദേഹം തുടർച്ച

യായി സഭായോഗങ്ങളിൽ സംബന്ധിച്ചുകൊണ്ടിരുന്നു. തൃശ്ശൂർ വന്നിട്ടും അദ്ദേഹം കുറെക്കാലം സഭായോഗങ്ങളിൽ വന്നുകൊണ്ടിരുന്നു. അദ്ദേഹം പിന്നീട് പിന്മാറിപ്പോയി. ഭാര്യയെ ഭയന്നിട്ടാണ് അദ്ദേഹം പിന്മാറിപ്പോയത്. ഭീരുത്വം നിമിത്തം ഇതുപോലെ ധാരാളം പേർ പിന്മാറിപ്പോയിട്ടുണ്ട്. ദൈവത്തിന്റെ ദാസൻ നാഗൽസായിപ്പ് പാടിയതുപോലെ, *ഭീരുത്വത്താൽ അനേകരും തീരെ പിന്മാറിപ്പോയിടും...*

ധീരതയോടെ കർത്താവിനെ സേവിക്കുവാൻ തയ്യാറാവുന്നവർ ചുരുക്കമാണ്. ഈ വഴി വളരെ ഇടുക്കവും ഞെരുക്കവും പ്രയാസവുമുള്ളതാണ്. വിശ്വാസകുടുംബങ്ങളിൽ ജനിച്ച് പാരമ്പര്യമായി കർത്താവിനെ അറിഞ്ഞ് ആരാധിക്കുന്നവരിൽ പലരിലും വിശ്വാസപിന്മാറ്റം ഭവിച്ചിട്ടുണ്ട്. അവർ വിശ്വാസത്തിനുവേണ്ടി വില കൊടുക്കാതിരിക്കുകയും  പല ഉപദേശവൈരുദ്ധ്യങ്ങളെ മനസ്സോടെ സമ്മതിക്കുകയും ചെയ്തുപോകുന്നവരാണ്. തങ്ങൾ ഏത് വിശ്വാസപ്രമാണങ്ങളെ സൂക്ഷിച്ചുവോ അതിനെ കൈവിട്ട് പലരും ജീവിക്കുന്നു. ഇതെല്ലാം ആത്മഹത്യാപരമാണ്.

ആത്മഹത്യ ചെയ്ത എന്റെ കൂട്ടുകാരനെക്കുറിച്ചോർക്കുമ്പോഴെല്ലാം എനിക്ക് മനസ്സിൽ അതിയായ വേദനയുണ്ട്. ആ തലമുറയിൽ ആരുമില്ലാതെ നഷ്ടപ്പെട്ടുപോയി. എന്റെ സഭയിലെ ഒത്തിരി പേർ അടികൊണ്ടിട്ടുള്ളവരാണ്. 85 വയസ്സുള്ള സഹോദരിമാർ ഇന്നും ആരാധനയ്ക്കു വരുന്നുണ്ട്. അവരൊക്കെ പണ്ട് ഭർത്താക്കന്മാരിൽനിന്ന് വളരെ അടികൊണ്ടിട്ടും വിശ്വാസം ത്യജിക്കാതെ മുന്നോട്ടു വന്നവരാണ്. വീട്ടിൽ നിന്ന് ഇറക്കിവിടപ്പെട്ടവരും പലവിധത്തിൽ പീഡനങ്ങൾ സഹിച്ചവരുമാണ്. കഷ്ടം അനുഭവിക്കുമ്പോഴും അവർ സന്തുഷ്ടരാണ്. അടികൊണ്ട വേദനയൊക്കെ അവർ മറന്നു. അവരുടെ മക്കളെയെല്ലാം ദൈവം അനുഗ്രഹിച്ചു.

പ്രിയ ദൈവജനമേ, നമ്മുടെ വിശ്വാസത്തിന്റെ പരിശോധന വളരെ വിലയേറിയതാണ്. അതിൽ തികഞ്ഞവനെയാണ് ദൈവം മാനിക്കുന്നത്. വിശ്വാസതീക്ഷ്ണതയോടെ, വീര്യത്തോടെ മുന്നോട്ടു വന്ന പലരുമുണ്ട്. അവർ വിശ്വാസത്തിൽ നിലനിന്നു. വിശ്വാസത്തിന്റെ പേരിൽ സകലവും നഷ്ടപ്പെട്ടവരുണ്ട്. വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ പോയവരുണ്ട്. അവരെയെല്ലാം പിന്നീട് ദൈവം അനുഗ്രഹിച്ചു. പത്ത് ജയിക്കാത്തവനും ഒമ്പതിൽ പഠിത്തം നിറുത്തിയവനുമൊക്കെ വിദേശത്ത് ജോലി നേടാൻ ദൈവം സഹായിച്ചു. അവരുടെ സാമ്പത്തിക നില മെച്ചപ്പെട്ടു. അവർ സഭയെ സ്നേഹിക്കുകയും ചെയ്യുന്നുണ്ട്. എന്നെ മാനിക്കുന്നവനെ ഞാനും മാനിക്കും എന്ന് ദൈവം പറഞ്ഞത് വെറുതെയല്ല.

നാം പരിശോധിക്കുക: നാം വിശ്വാസത്തിൽ ക്ഷീണിച്ചുപോയിട്ടുണ്ടോ?  ധനപരമായ ആവശ്യങ്ങൾക്കുവേണ്ടിയോ, മക്കളുടെ ആവശ്യങ്ങൾക്കുവേണ്ടിയോ വിശ്വാസം ത്യജിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അത് ആത്മഹത്യാപരമാണ്.

**(തുടരും)**

## സ്റ്റാമ്പുകൾ സൗജന്യം

സത്യവേദപുസ്തകത്തിൽനിന്ന് 20 വാക്യങ്ങൾ റഫറൻസ് സഹിതം എഴുതി അയച്ചുതരിക. മനോഹരമായ Philatelic Postal Stamps (Used) അയച്ചുതരുന്നതാണ്. കവറിനു മുകളിൽ 'റിയൽ ലൈഫ് വോയ്സ്' എന്നെഴുതണം.

വിലാസം: **ഏദെൻതോട്ടം, മരുതൻകോട് – 680 604**

## അഡ്രസ്സുകൾ അയച്ചുതരിക

ഈ മാസിക വായിക്കാൻ താത്പര്യമുള്ളവരുടെ അഡ്രസ്സ് അയച്ചു തരിക. വരിസംഖ്യ നിർബന്ധമില്ല. വരിസംഖ്യയുടെ കാര്യം ഞങ്ങൾ ആരോടും പറയാറില്ല. ഈ ക്രിസ്തീയമാസിക വായിക്കാൻ താത്പര്യ മുള്ളവർക്ക് അത് സൗജന്യമായി അയച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാ റാണ്. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി.

## വാട്സാപ് ഗ്രൂപ്പിൽ അംഗങ്ങളാകുക

തപാൽമാർഗ്ഗം അയയ്ക്കുന്ന മാസിക പലർക്കും കിട്ടുന്നില്ല എന്നറി യുന്നു. അഡ്രസ്സ് ശരിയായിരുന്നിട്ടും പലതും 'ആളില്ല' എന്ന് രേഖപ്പെ ടുത്തി തിരിച്ചുവരുന്നു. അതുകൊണ്ട് എല്ലാ മാന്യവായനക്കാരും റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ അംഗങ്ങളാകാൻ ശ്രദ്ധിക്കു ക. അങ്ങനെ ചെയ്താൽ മാസിക എല്ലാ മാസവും കൃത്യമായി മൊബൈ ലിൽ വായിക്കാം. മാത്രമല്ല, മാറിവരുന്ന നിയമങ്ങൾ നിമിത്തം മാസിക യുടെ പ്രിന്റിംഗും തപാൽമാർഗ്ഗമുള്ള വിതരണവും നിർത്തേണ്ടി വന്നാലും വാട്സാപിലൂടെ മാസിക അയയ്ക്കാൻ കഴിയും. താത്പര്യമുള്ളവർ നിങ്ങ ളുടെ പേരും വാട്സാപ് നമ്പറും 95 44 557 557 എന്ന മൊബൈൽ നമ്പറിലേക്ക് അയയ്ക്കുക.

## www.reallifevoice.in

നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക. 2020 മുതലുള്ള മാസികകൾ സൈറ്റിൽ ലഭ്യമാണ്. കൂടാതെ 27 പുസ്തകങ്ങളും (മലയാളത്തിലും, ഇംഗ്ലീഷിലുമുള്ളത്) ലഭ്യമാണ്.

**യോനാ (പുസ്തകപഠനം) ഈ ലക്കത്തിൽ കൊടുക്കാൻ കഴിഞ്ഞിട്ടില്ല**

# ജോർജ്ജും ബേബിയും



4

**സുവിശേഷീകരണത്തിനുവേണ്ടി നിലകൊള്ളുന്ന ദമ്പതികൾ**

**-എംവിഎസ്-**

### മിനി സ്റ്റഡി ബൈബിൾ

തമിഴ് ബൈബിൾ എപ്രകാരം രൂപംകൊണ്ടു എന്നതിന്റെ ചരിത്രം, അപ്പൊസ്തലന്മാരുടെ ചരിത്രം, വില്യംകേറി മുതലായവരുടെ ചരിത്രം, യേശുക്രിസ്തുവിന്റെ ഉപമകൾ, ചാർട്ടുകൾ, പടങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തി ഒരു മിനി സ്റ്റഡി ബൈബിൾ തമിഴിൽ പ്രസിദ്ധീകരിച്ചു. ആഗോളവ്യാപകമായി തമിഴരെല്ലാം അത് വാങ്ങിക്കൊണ്ടിരിക്കുന്നു, ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

### ഇമ്മാനുവേൽ പബ്ലിക്കേഷൻസ്, മണ്ണുത്തി, തൃശ്ശൂർ

2022 ജൂലൈയിൽ ചെന്നൈയിലെ പ്രവർത്തനങ്ങളെല്ലാം അവസാനിപ്പിച്ചുകൊണ്ട് പ്രിയ ദമ്പതികൾ തൃശ്ശൂർ വന്ന് താമസം ആരംഭിച്ചു. ഇവിടെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതില്ല എന്ന താത്പര്യത്തിലാണ് തൃശ്ശൂർ വന്നതെങ്കിലും ദൈവാത്മാവ് അവരെ അതിന് സമ്മതിച്ചില്ല. 2022 ഒക്ടോബറിൽ മണ്ണുത്തിയിൽ ഒരു സ്ഥലം വാടകയ്ക്ക് എടുത്ത് ലിറ്ററേച്ചർ മിനിസ്ട്രി വീണ്ടും ആരംഭിച്ചു. ചെന്നൈയിലായിരിക്കുമ്പോൾ തമിഴിലുള്ള സുവിശേഷപ്രതികളും ലഘുലേഖകളും വിതരണം ചെയ്യുമായിരുന്നു. കേരളത്തിൽ വന്നപ്പോൾ മലയാളത്തിൽ സുവിശേഷപ്രതികളും ലഘുലേഖകളും പ്രിന്റ് ചെയ്യുന്നതിനും അത് പലർക്കും വിതരണം ചെയ്യുന്നതിനും അവർക്ക് ഇടയായിത്തീർന്നു. അങ്ങനെ ചെന്നൈയിൽ തമിഴർക്കുവേണ്ടി നടത്തിയ പ്രവർത്തനം ഇപ്പോൾ മലയാളികൾക്കു പ്രയോജനപ്പെടുന്ന രീതിയിൽ മാറി.

### സഭാസന്ദർശനം

ഓരോ മാസവും മൂന്ന് ആഴ്ചകളിൽ വിവിധ സഭകൾ സന്ദർശിച്ച്, സുവിശേഷപ്രവർത്തനം നടത്തേണ്ടതിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തും. ആവശ്യമായ ലഘുലേഖകളും സുവിശേഷപ്രതികളും കൊടുക്കും. അനേകം വിശ്വാസികൾക്കും പാസ്റ്റർമാർക്കും ഇത്തരത്തിൽ അയച്ചുകൊടുത്തിട്ടുണ്ട്.

**ഇമ്മാനുവേൽ ഗോസ്പൽ ടീം**

ഈ ടീമിന്റെ പ്രവർത്തനത്തെക്കുറിച്ച് ജോർജ്ജ്സാറിന്റെ വിശദീകരണം: “2024 ഫെബ്രുവരിയിൽ, ഇവിടെ അടുത്തുള്ള പാസ്റ്റർ സജി ഫിലിപ്പ് നടത്തുന്ന സ്വതന്ത്രസഭയുമായി ചേർന്ന് ഇമ്മാനുവേൽ ഗോസ്പൽ ടീം ആരംഭിച്ചു. ഹൈന്ദവപശ്ചാത്തലത്തിൽ നിന്ന് വന്ന ചിലർ അവിടെ വിശ്വാസികളായുണ്ട്. അതിൽ ചിലർക്കൊക്കെ സുവിശേഷപ്രവർത്തനത്തിൽ നല്ല താത്പര്യമുണ്ടായിരുന്നു. അവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് സുവിശേഷപ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനായി പാസ്റ്റർ സജി ഫിലിപ്പിന്റെ നേതൃത്വത്തിൽ, അവരുമായി സഹകരിച്ച്, രൂപീകരിച്ചതാണ് ഇമ്മാനുവേൽ ഗോസ്പൽ ടിം.”

“ആഴ്ചയിൽ മൂന്നു ദിവസം വീടുകൾ സന്ദർശിച്ച് സുവിശേഷപ്രതികളും ലഘുലേഖകളും കൊടുക്കാനാണ് അവരോട് പറഞ്ഞത്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പെട്ട വീടുകളാണ് ഞങ്ങൾ തെരഞ്ഞെടുത്തത്. ഒരു സ്ട്രീറ്റ് കഴിഞ്ഞാൽ അടുത്ത്... അങ്ങനെ അവർ ഓരോ വീടും സന്ദർശിച്ചുവരികയാണ്. ഈ ടീമിൽ 12 പേർ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തോളമായി അവർ പ്രവർത്തനം തുടരുന്നു. 12000ത്തിലധികം വീടുകൾ അവർ ഇതുവരെ സന്ദർശിച്ചുകഴിഞ്ഞു. പുതിയ ചില ആളുകൾ രക്ഷിക്കപ്പെടുന്നതിന് ഇടയായി. അവർ സഭായോഗത്തിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്നു.”

“ആ സഭാഹാളിൽ സ്ഥലം കുറവാണ് എന്നതുകൊണ്ട് അവർ മറ്റൊരു സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ മാസത്തിൽ (ജൂലൈ) നാല് പുതിയ ആളുകൾ കൂടെ ഈ പ്രവർത്തനത്തിൽ സംബന്ധിക്കുവാൻ ഇടയായിത്തീർന്നു. ഒല്ലൂക്കര ബ്ലോക്ക് കൂടാതെ കോടാലി എന്ന സ്ഥലത്തും അവിടെയുള്ള ഒരു പാസ്റ്ററുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. മാസത്തിലൊരു ദിവസം പ്രവർത്തകരെ വിളിച്ചുകൂട്ടി, അവരുടെ ഒരു മാസത്തെ പ്രവർത്തനം ചർച്ച ചെയ്യും. അവരെയും അവർ സന്ദർശിച്ച വ്യക്തികളെയും ഓർത്ത് പ്രാർത്ഥിക്കും. ഈ ശുശ്രൂഷ വളരെ പ്രയോജനകരമായി തുടരുന്നു.”

**സമൂഹത്തോടുള്ള കരുതൽ**

വീടുകൾ സന്ദർശിക്കുന്ന ടീമിന് അവിടെയുള്ളവരുടെ പ്രശ്നങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ കഴിയും. പല വീടുകളിലും സാമ്പത്തികമായ ബുദ്ധിമുട്ടുണ്ട്. ആഹാരം കഴിക്കാനോ മരുന്നു വാങ്ങാനോ പണമില്ലാത്ത സ്ഥിതിയുണ്ട്. വസ്ത്രം വാങ്ങാൻ ബുദ്ധിമുട്ടുള്ളവരുണ്ട്. അങ്ങനെയുള്ളവർക്ക്, കഴിവിനനുസരിച്ച് ചെറിയ സഹായങ്ങളൊക്കെ ചെയ്തുവരുന്നു.

മാത്രമല്ല ഗോസ്പൽ ടീമിലെ ചില അംഗങ്ങൾക്ക് മാസം തോറും ഒരു ചെറിയ തുക കൊടുക്കുന്നുണ്ട്.

**പ്രവർത്തനവിപുലീകരണം**

ഗോസ്പൽ ടീമിന്റെ പ്രവർത്തനം വിജയകരമായി തുടരുന്നതിനാലും വളരെ പ്രയോജനമെന്നു കാണുന്നതിനാലും ഈ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണം എന്നാഗ്രഹിച്ച് അതിനുവേണ്ടി അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്.

ജോർജ്ജ്സാർ തരുന്ന നിർദ്ദേശം ഇതാണ്: "ഓരോ സ്ഥലംസഭയ്ക്കും ഓരോ ഗോസ്പൽ ടീം ഉണ്ടായിരിക്കണം. ചുരുങ്ങിയത് രണ്ട് പേരെങ്കിലും വേണം. ഓരോ ചർച്ചും ആ ചർച്ചിന്റെ ഒന്നു രണ്ട് കിലോമീറ്റർ ചുറ്റളവി ലുള്ള സ്ഥലങ്ങളിലെ വീടുകൾ സന്ദർശിച്ച് സുവിശേഷം അറിയിക്കണം. അവർക്കുവേണ്ടി പ്രാർത്ഥിക്കണം. അവരുടെ സുഖവിവരങ്ങൾ അന്വേഷി ക്കണം. ഇക്കാലങ്ങളിൽ ധാരാളം കുടുംബങ്ങൾ കഷ്ടപ്പാടിലും ദുഃഖത്തി ലും ദുരിതത്തിലും ജീവിക്കുന്നവരുണ്ട്. അവരോട് സുവിശേഷം അറിയിക്കു മ്പോൾ അവർ ശാന്തരായി കേൾക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കു മ്പോൾ ദൈവം പ്രാർത്ഥന കേട്ട് അവരുടെ സ്ഥിതിക്ക് ഭേദം വരുത്തുന്നു. അങ്ങനെ പുതിയ പുതിയ വിശ്വാസികൾ സഭയിലേക്ക് കടന്നുവരാൻ ഇട യാകുന്നു."

സുവിശേഷപ്രവത്തനത്തിൽ ശുഷ്കാന്തി പൂണ്ട് മുന്നോട്ടു നീങ്ങുന്ന ഈ കുടുംബത്തെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.


- Beautiful Wooden BIBLE VERSE, BOARDS (English) Available
- ക്രിസ്തീയ സംഗീത രത്നാവലി: മലയാളം, തമിഴ്, ഹിന്ദി പാട്ടുകൾ (ഇംഗ്ലീഷ് ലിപിയിൽ വിവർത്തനം ചെയ്തിട്ടുള്ളത്)
- Praise Melodies: 1500 English Hymns & Chorus
- Mini Meals (101 ചെറുകഥാസമാഹാരം)
- മലയാളം/ഇംഗ്ലീഷ്/ഹിന്ദി/തമിഴ് ബൈബിളുകൾ ലഭിക്കുന്നതാണ്
- സുവിശേഷകന്മാർക്കായി ലഘുലേഖകൾ, സുവിശേഷപ്രതികൾ എന്നിവ മിതമായ വിലക്ക് ലഭിക്കുന്നതാണ്

**IMMANUEL PUBLICATIONS INTERNATIONAL**
Deira Building, Aiswarya Garden, Mannuthy, Thrissur-680651
**Pastor C. I. George: 93810 13991, 93820 13991**


**(അവസാനിച്ചു)**

# 41 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *ദാവീദ് യിശ്ശായിയുടെ എത്രാമത്തെ മകനാണ്? എട്ടാമത്തെ മകനാണെന്ന് 1 ശമൂവേലിൽ കാണുന്നു. പക്ഷേ 1 ദിനവൃത്താന്തത്തിൽ ദാവീദ് ഏഴാമത്തെ മകനാണെന്നാണ് നാം വായിക്കുന്നത്. ഏതാണ് ശരി?* **(ബിന്നു ഏലിയാസ്, കുരിയിച്ചിറ, തൃശ്ശൂർ)**

**മറുപടി:**

1 ശമുവേൽ 16:10,11 ൽ, ദാവീദിന്റെ അപ്പനായ യിശ്ശായിക്ക് 8 ആൺമക്കളുണ്ടായിരുന്നുവെന്നും അതിൽ എട്ടാമത്തവനാണ് ദാവീദ് എന്നും കാണാം. 1 ശമുവേൽ 17:12-14 ൽ, "യിശ്ശായിക്ക് എട്ടു മക്കൾ ഉണ്ടായിരുന്നു" എന്നും "ദാവീദോ എല്ലാവരിലും ഇളയവൻ" എന്നും രേഖപ്പെടുത്തിയിരിക്കുന്നു. "മൂത്ത മക്കൾ മൂവരും പുറപ്പെട്ട് ശൗലിന്റെ കൂടെ യുദ്ധത്തിനു ചെന്നിരുന്നു" എന്നും അവിടെ എഴുതിയിട്ടുണ്ട്.

1 ദിനവൃത്താന്തം 2:13-15 ൽ യിശ്ശായിയുടെ ഏഴ് ആൺമക്കളുടെ പേര് പറഞ്ഞിരിക്കുന്നു. "യിശ്ശായി തന്റെ ആദ്യജാതൻ എലിയാബിനെയും രണ്ടാമൻ അബീനാദാബിനെയും മൂന്നാമൻ ശിമെയയെയും നാലാമൻ നഥനയേലിനെയും അഞ്ചാമൻ രദ്ദായിയേയും ആറാമൻ ഓസെമിനേയും ഏഴാമൻ ദാവീദിനെയും ജനിപ്പിച്ചു" യിശ്ശായിയുടെ ഏഴ് മക്കളെക്കുറിച്ചു മാത്രമേ ഇവിടെ പറയുന്നുള്ളൂ. ദാവീദ് ഇളയവനാണെന്നു തന്നെയാണ് ഇവിടെയും പറഞ്ഞിരിക്കുന്നത്. പക്ഷേ എട്ടാമത്തവനല്ല, ഏഴാമത്തവനാണെന്നാണ് എഴുതിയിരിക്കുന്നത്.

ഏതായാലും ദാവീദ് യിശ്ശായിയുടെ ഇളയപുത്രനാണെന്ന കാര്യത്തിൽ തർക്കമില്ല. യിശ്ശായിക്കുണ്ടായിരുന്ന ആൺമക്കൾ ഏഴോ എട്ടോ എന്ന കാര്യത്തിലാണ് തർക്കം വരുന്നത്. ദാവീദ് ഏഴാമത്തവനോ എട്ടാമത്തവനോ എന്ന കാര്യത്തിലാണ് സംശയം വരുന്നത്. ഇതിനൊരു വിശദീകരണം താഴെ കൊടുക്കുന്നു:

1 ശമുവേലും 1 ദിനവൃത്താന്തവും എഴുതിയത് രണ്ട് കാലഘട്ടത്തിലാണ്. അവയ്ക്കിടയിൽ സുദീർഘമായ വർഷങ്ങളുടെ വിടവുണ്ട്. 1 ശമുവേൽ എഴുതപ്പെട്ടത് ബിസി 10-ാം നൂറ്റാണ്ടിലാണെന്നും 1 ദിനവൃത്താന്തം എഴുതപ്പെട്ടത് ബിസി 5-ാം നൂറ്റാണ്ടിലുമാണെന്ന് സ്കോഫീൽഡ് സ്റ്റഡി ബൈബിൾ

രേഖപ്പെടുത്തുന്നു. The Open Bible, The NIV Study Bible, The People's Study Bible, The MacArthur Study Bible തുടങ്ങിയ സ്റ്റഡിബൈബിളുകളും ഇതിനോട് യോജിക്കുന്നുണ്ട്. അതായത്, 1 ശമുവേൽ എഴുതിക്കഴിഞ്ഞ് ഏകദേശം 500 വർഷങ്ങൾക്കു ശേഷമാണ് 1 ദിനവൃത്താന്തം എഴുതുന്നത്.

യിശ്ശായിക്ക് എട്ടു പുത്രന്മാരുണ്ടായിരുന്നുവെന്ന് 1 ശമുവേലിൽനിന്ന് വ്യക്തം. ഏകദേശം 500 വർഷങ്ങൾ കഴിഞ്ഞ് എഴുതപ്പെട്ട 1 ദിനവൃത്താന്തത്തിൽ ഏഴ് മക്കളുടെ കാര്യം മാത്രമേ പറയുന്നുള്ളൂ. ഇളയവൻ ദാവീദ് തന്നെ. എങ്കിലും തന്റെ മുകളിലുള്ള മറ്റു ഏഴുപേരിൽ ഒരാളെ ദിനവൃത്താന്തം എഴുതിയ ആൾ ഒഴിവാക്കിയിരിക്കുന്നു. വർഷങ്ങൾക്കുശേഷം തയ്യാറാക്കിയ വംശാവലിയിൽ ആ ആൾക്ക് പ്രസക്തിയില്ല; അതുകൊണ്ടാണ് ആ പേര് കൂട്ടത്തിൽ നിന്ന് ഒഴിവാക്കിയത്.

ഉല്പത്തി അഞ്ചാം അദ്ധ്യായത്തിൽ "ആദാമിന്റെ വംശപാരമ്പര്യമാവിത്" എന്നു പറഞ്ഞ് കൊടുത്തിരിക്കുന്ന വിവരണത്തിൽ കയീന്റെയും ഹാബേലിന്റെയും പേര് ഉൾപ്പെടുത്തിയിട്ടില്ല. ശേത്തിന്റെ കാര്യമാണ് പറഞ്ഞിരിക്കുന്നത്. കയീൻ ദൈവസന്നിധിയിൽ നിന്ന് പുറപ്പെട്ട് പോയതുകൊണ്ടും (ഉല്പത്തി 4:16), ഹാബേൽ മക്കളില്ലാത്തവനായി മരിച്ചുപോയതുകൊണ്ടുമാണ് അവരുടെ പേരുകൾ ഉൾപ്പെടുത്താഞ്ഞത് എന്ന് ന്യായമായും അനുമാനിക്കാമല്ലോ.

ഉല്പത്തിപ്പുസ്തകം എഴുതിയ വ്യക്തിക്ക് ആദാമിന് കയീൻ, ഹാബെൽ എന്നീ മക്കൾ ജനിച്ചിട്ടുള്ള കാര്യം അറിയാതെയല്ല. അഞ്ചാം അദ്ധ്യായമായപ്പോഴേക്കും അത് എഴുത്തുകാരൻ മറന്നുപോയിട്ടല്ല. ആ പേരുകൾ വംശാവലിയിൽ അപ്രസക്തമെന്നു തോന്നിയതുകൊണ്ടാണ് എഴുത്തുകാരൻ ആ പേരുകൾ അഞ്ചാം അദ്ധ്യായത്തിൽ ഒഴിവാക്കിയത്.

ഇതുപോലെ, 1 ശമുവേലിൽ കാണുന്ന യിശ്ശായിയുടെ എട്ടു പുത്രന്മാരിൽ ഒരാൾ സന്തതികളില്ലാതെ ഏതെങ്കിലും വിധത്തിൽ മരിച്ചുപോയെങ്കിൽ, ഏകദേശം അഞ്ഞൂറു വർഷങ്ങൾക്കുശേഷം എഴുതിയ 1 ദിനവൃത്താന്തത്തിൽ ആ പേര് ഒഴിവാക്കുക സ്വാഭാവികമാണ് – ഹാബേലിന്റെ പേര് ഒഴിവാക്കിയതുപോലെ. 1 ദിനവൃത്താന്തത്തിൽ വംശാവലിയാണ് കൊടുത്തിരിക്കുന്നത് എന്നത് വ്യക്തമാണല്ലോ. സന്തതികളില്ലാതെ മരിച്ചുപോയ ഒരാളുടെ പേര് വംശാവലിയിൽ ഉൾപ്പെടുത്തുന്നതിന് വലിയ പ്രസക്തിയുള്ളതായി എഴുത്തുകാരൻ ചിന്തിക്കുന്നില്ല.

ഒരാൾക്ക് അഞ്ച് മക്കൾ ജനിക്കുകയും അതിലൊരാൾ കുഞ്ഞുനാളിലെ മരണപ്പെട്ടു പോവുകയും ചെയ്താൽ, "എത്ര മക്കളുണ്ട്?" എന്ന ചോദ്യത്തിന് "നാല്" എന്നു മറുപടി പറയുന്നതിൽ തെറ്റൊന്നുമില്ലല്ലോ. ❍

# യൂത്ത് ക്യാംപ്

ചെറുകഥ

## -എംവിഎസ്-

എല്ലാ വർഷവും നടത്തപ്പെടാറുള്ള യൂത്ത് ക്യാംപ് ഇത്തവണയും നടത്തുന്നുണ്ട്.

'പാറമേൽ അടിസ്ഥാനം' എന്നാണ് ക്യാംപിന്റെ തീം.

പങ്കെടുക്കാൻ വന്ന യൂത്തിന്റെ വസ്ത്രധാരണം കണ്ട്, വളണ്ടിയർമാരായ അമ്മച്ചിമാർ മൂക്കത്ത് വിരൽ വച്ചു. പെൺകുട്ടികൾ ഇറുകിപ്പിടിച്ച ലെഗിംഗ്സ് ഇട്ടു വന്നപ്പോൾ ആൺകുട്ടികൾ രണ്ട് പാവാട കൂട്ടിത്തുന്നിയതുപോലുള്ള പാന്റ്സ് ഇട്ടാണ് വന്നത്. തുണിയുടെ പല വശങ്ങളിൽ, കാറ്റ് പിടിക്കാതിരിക്കാനായി വലിയ ഫ്ളെക്സ്ബോർഡുകൾക്ക് തുളയിട്ടിരിക്കുന്നതുപോലെ പലയിടത്തും തുളയിട്ടിരിക്കുന്നത് കണ്ടു.

പെൺകുട്ടികളിൽ പലരും ചുണ്ടുളിൽ ചുവന്ന ലിപ്സ്റ്റിക് നല്ല കനത്തിൽ തേച്ചുപിടിപ്പിച്ചിട്ടുണ്ട്.

"ഇവറ്റകൾ ദൈവമക്കളോ അതോ ചോര കുടിക്കുന്ന രക്തരക്ഷസ്സുകളോ?" ഒരു വളണ്ടിയർ അമ്മച്ചിയുടെ ചോദ്യം.

അതു കേട്ട ഒരു കോളേജ്കുമാരി പൊട്ടിത്തെറിച്ചു: "അമ്മച്ചിയൊക്കെ ഏത് പഴങ്കഞ്ഞിയുഗത്തിലാണ് ജീവിക്കുന്നത്? ഇത് ചമ്മന്തിയുടെ കാലഘട്ടമല്ല. മന്തിയുടെ കാലഘട്ടമാണ്."

അപ്പോഴേക്കും മറ്റൊരു കോളേജ്കുമാരി രംഗത്ത് വന്നു. "എന്റെ പൊന്നമ്മച്ചി, ഞങ്ങൾ ലിപ്സ്റ്റിക് ഇടുന്നതേ ചുണ്ട് വരണ്ടുപൊട്ടാതിരിക്കാനാണ്. അല്ലാതെ വേറെ യാതൊരു ഉദ്ദേശ്യവുമില്ല."

"എന്നിട്ടെന്താ മക്കളേ, ആൺകുട്ടികൾ ലിപ്സ്റ്റിക് ഇടാത്തത്? അവരുടെ ചുണ്ടുകൾ വരണ്ടുപൊട്ടില്ലേ?"

"അത്.." കോളേജുകുമാരികൾക്ക് മറുപടി പറയാൻ കഴിഞ്ഞില്ല.

വളണ്ടിയർ ആയി നിൽക്കുന്ന ഒരു അപ്പച്ചൻ ഇതെല്ലാം കേട്ട് ഇങ്ങനെ പറഞ്ഞു: "നിങ്ങളിങ്ങനെ ചോന്ന ലിപ്സ്റ്റിക്ക് തേച്ച് നടക്കുന്നത് കാണുമ്പോൾ, കുന്നുംപുറം ശാന്ത, വയനാട് വനജ, വടുതല വൽസല എന്നിവരെയൊക്ക ഞാൻ ഓർത്തുപോയി." ഇതും പറഞ്ഞ് അപ്പച്ചൻ ആർത്തട്ടഹസിച്ച് ചിരിച്ചുമറിഞ്ഞു.

"ആരാ ഇവരൊക്കെ?" ഒരു അമ്മച്ചി ചോദിക്കുന്നത് കേട്ടു. അപ്പച്ചൻ അതിന് മറുപടി പറഞ്ഞില്ല. പകരം നാണം ഒളിപ്പിച്ചുവച്ച മുഖത്തോടെ നിന്നു.

"ദേ, അവന്റെ മുടി നോക്ക്യേ.." ഒരു വളണ്ടിയർഅമ്മച്ചി പറഞ്ഞു. "വൈക്കോൽത്തുറു പോലെയുണ്ട്"

ആൺകുട്ടികളുടെ വ്യത്യസ്ത ഹെയർസ്റ്റൈലുകൾ കണ്ട് അമ്മച്ചിമാർ അന്തം വിട്ടു നിന്നു.

"ന്യൂജെൻ പിള്ളേരാണ്. മിണ്ടാതിരിക്കുന്നതാ നല്ലത്. അവറ്റങ്ങളുടെ വയറ്റീന്ന് നല്ലത് കേൾക്കും'' ഒരു അമ്മച്ചി മറ്റൊരു അമ്മച്ചിയോട് പറഞ്ഞു.

''അങ്ങനെ പറഞ്ഞുകൊടുക്ക് അമ്മച്ചീ'' ഒരു യൂത്തൻവിശ്വാസി അമ്മച്ചിയെ പ്രോത്സാഹിപ്പിച്ചു. "പിന്നെ ഒരു തിരുത്തുണ്ട്..." ഇങ്ങനെ ആ യൂത്തൻ പറഞ്ഞപ്പോൾ എല്ലാവരും ആകാംക്ഷയോടെ അവനെ നോക്കി.

"വയറ്റിൽനിന്ന് എന്നല്ല വായിൽ നിന്ന് എന്ന് തിരുത്തണം."

കേട്ടപാടെ അമ്മച്ചിയുടെ മറുപടി: "നിന്റെയൊക്കെ വായിൽനിന്നു വരുന്നതും വയറ്റീന്നു വരുന്നതും ഒക്കെ കണക്കാ..''. ഇതും പറഞ്ഞ് ആ അമ്മച്ചി ചവുട്ടിത്തെറിപ്പിച്ച് നടന്നു പോയി.

"മക്കളേ..." ഒരു വളണ്ടിയർ അപ്പച്ചൻ വാത്സല്യത്തോടെ വിളിച്ചു. ''നമ്മള് ദൈവമക്കളാണ്. ദൈവമക്കൾക്കു യോജിച്ച രീതിയിൽ മുടി വെട്ടണം."

ഉടനെ ഒരു പാസ്റ്ററുടെ മകനായ ഹാനോക്ക് ആ അപ്പച്ചന്റെ മേൽ തട്ടിക്കയറുന്ന രീതിയിൽ പറഞ്ഞു: "എന്റെ അപ്പച്ചാ, ദൈവമക്കൾക്കു യോജിച്ച രീതിയിലുള്ള മുടി എന്നൊന്നും ബൈബിളിലില്ല. അതൊക്കെ ഓരോരുത്തരുടെ ഇഷ്ടമാണ്."

''അപ്പച്ചന്റെ തലയിലെ മുടി നോക്ക്യേ. പെട്ടത്തല. ചെവിയുടെ രണ്ടുവശത്തും ബാക്കിലും അല്പം മുടിയുണ്ട്. എനിക്ക് ഈ തല കാണുമ്പോൾ ബീച്ചിന്റെ അറ്റത്ത് പുല്ല് വളർന്നുനിൽക്കുന്ന പോലെയാ തോന്നുന്നത്."

ഇത് കേട്ട് എല്ലാ യൂത്തുകളും അട്ടഹസിച്ചു ചിരിച്ചു. അപ്പച്ചൻ വിളറിയ ചിരിയോടെ നിന്നു.

"ഹെയർ ഈസ് നത്തിംങ് ഗ്രാൻപാ, അവർ ബിലീഫ്.. ദാറ്റസ് ഇംപോർട്ടന്റ്." ബാംഗ്ലൂരിൽ ബിടെക് പഠിക്കുന്ന ഒരു യൂത്തനാണ് ഇതു പറഞ്ഞത്. അവന്റെ വായിൽനിന്ന് ഇംഗ്ലീഷ് അണപൊട്ടിയൊഴുകി.

ഇതു കേട്ട് ഒരു അമ്മച്ചി മറ്റൊരു അമ്മച്ചിയോട് അടക്കം പറഞ്ഞു. ''അവന്റെ പേര് ഇംഗ്ലീഷിൽ എഴുതാൻ അറിയാത്തവനാ... രജിസ്ട്രേഷൻ കൗണ്ടറിൽ അവൻ പേര് സ്വയം എഴുതിക്കൊടുത്തിരിക്കുന്നത് ചെന്ന് നോക്ക്... വല്യക്ഷരോം ചെറിയക്ഷരോം ഇടകലർത്തിയാ എഴുതിയിരിക്കുന്നെ..."

അപ്പച്ചൻ വലിയ മനോവിഷമത്തോടെ ഇങ്ങനെ പറഞ്ഞു: "ചില വർഷങ്ങൾ കഴിഞ്ഞാൽ സഭയിൽ ശുശ്രൂഷിക്കാനും സമൂഹത്തിൽ സുവിശേഷം പറയാനുമുള്ള മക്കളാണ്. നല്ലൊരു തലമുറയെ ദൈവസഭയ്ക്കു വേണ്ടി വാർത്തെടുക്കാനായി നടത്തുന്ന ഇത്തരം യൂത്ത് ക്യാംപുകൾ... ഈ പിള്ളേര് അവരുടെ ഷോ കാണിക്കാനായി മാത്രം വരുന്നു..."

എല്ലാ വളണ്ടിയാർമാരും നെടുവീർപ്പിട്ടു. അപ്പോൾ യൂത്തുകൾ 'മോണിക്ക' എന്ന പാട്ടും പാടി ആടിത്തിമിർക്കുകയായിരുന്നു. ❍

# ഓരോരോ ജന്മങ്ങള്!

**-എംവിഎസ്-**

21

## ആനന്ദവല്ലിക്ക് പണം കിട്ടി!

കരുവന്നൂർ സഹകരണബാങ്കിൽ 1.75 ലക്ഷം രൂപയുടെ നിക്ഷേപം ആനന്ദവല്ലിക്കുണ്ട്. അവരുടെ സ്വന്തം ഭാഷയിൽ പറഞ്ഞാൽ, പല വീടുകളിൽ പോയി തുണി അലക്കിയും പാത്രം കഴുകിയും കഷ്ടപ്പെട്ട് സമ്പാദിച്ച കാശാണ് അത്. 'വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാൻ ഇല്ലത്രെ' എന്നു പറഞ്ഞപോലെയായി ആ സാധുസ്ത്രീയുടെ കാര്യം.

താൻ ഇപ്പോഴും സിനിമയിൽ അഭിനയിച്ചുകൊണ്ടിരിക്കയാണ് എന്നപോലെ ജീവിക്കുന്ന തൃശ്ശൂർ എം.പി. സാക്ഷാൽ സുരേഷ്ഗോപിയുടെ അടുത്ത് ആനന്ദവല്ലി പരാതി ഉന്നയിച്ചു. "എന്നാ പിന്നെ എന്റെ നെഞ്ചത്തോട്ട് കേറിക്കോ" എന്ന പഞ്ച് ഡയലോഗുമായി തന്റെ നിസ്സഹായാവസ്ഥ സുരേഷ്ഗോപി വെളിപ്പെടുത്തി. സുരേഷ് ഗോപിയെ വിമർശിച്ചുകൊണ്ട് അപ്പോഴേക്കും ട്രോളുകളുടെ പെരുമഴക്കാലമായി.

കരുവന്നൂർബാങ്ക് അധികൃതർ ഉണർന്നു. ആനന്ദവല്ലിക്ക് ഉടനെ പണം അവർ കൈമാറി. എത്രയെന്നോ? പതിനായിരം രൂപ! അങ്ങനെ ബാങ്ക് അധികൃതർ സ്കോർ ചെയ്തു. രാഹുൽഗാന്ധി എങ്ങാനും കേരളത്തിൽ വന്നാൽ ആനന്ദവല്ലി അദ്ദേഹത്തെ പോയി കണ്ട് പരാതി പറയണം. അപ്പോൾ ബാങ്ക് അടുത്ത പതിനായിരം രൂപ തരുമായിരിക്കും. ഇലക്ഷനല്ലേ വരുന്നത്? എന്തെങ്കിലും കാരണം പറഞ്ഞ് മോദിജി കേരളത്തിലേക്ക് വരാതിരിക്കില്ല. അപ്പോൾ അദ്ദേഹത്തെ പോയി കാണുക. പതിനായിരം രൂപ കൂടി ബാങ്ക് അധികൃതർ നൽകിയേക്കും.

കഷ്ടപ്പെട്ട് പണിയെടുത്ത്, എന്തെങ്കിലും അത്യാവശ്യം വന്നാൽ ഉപയോഗിക്കാനായി, ബാങ്കിൽ പണം നിക്ഷേപിച്ച ഒരു സാധാരണക്കാരിയായ സ്ത്രീയുടെ ഗതി നോക്കണേ! ചികിത്സാവശ്യത്തിനു പോലും പണം കിട്ടാനില്ല. ആ കാശ് കുറെ പേർ ചേർന്നു കട്ടു, കുറെ പേർ ചേർന്നു മുക്കി. കഷ്ടപ്പെട്ട് നേടിയ സമ്പാദ്യം തിരിച്ചുകിട്ടാനായി നിക്ഷേപകർ നെട്ടോട്ടമോടുന്ന അവസ്ഥ!

ദേഹമനങ്ങി പണിയെടുത്തു ശീലിച്ചവർക്കേ പണത്തിന്റെ മൂല്യം അറിയൂ. മറ്റുള്ളവന്റെ സമ്പാദ്യം കവർന്നു ശീലിച്ചവർക്ക്, മറ്റുള്ളവരുടെ വേദന മനസ്സിലാകില്ല. 1.75 ലക്ഷം രൂപ നിക്ഷേപിച്ചയാൾക്ക് പതിനായിരം രൂപ കൊടുത്ത് 'പ്രശ്നം' പരിഹരിച്ചിരിക്കുന്നു! ഓരോരോ ജന്മങ്ങള്! ❍

# www.reallifevoice.in

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th October 2025

Posted at
Thrissur RMS

**ആനുകാലികം**

## മതപരിവർത്തന നിരോധന നിയമം

മതന്യൂനപക്ഷങ്ങളെ വേട്ടയാടാനായി ചില സംസ്ഥാനങ്ങൾ പാസാക്കിയിരിക്കുന്ന മതപരിവർത്തന നിരോധന നിയമത്തിന്റെ ഭരണഘടനാസാധുത സുപ്രീം കോടതി പരിശോധിക്കും. ഈ നിയമം നിലവിലുള്ള ഒൻപത് സംസ്ഥാനങ്ങൾക്ക് സുപ്രീം കോടതി നോട്ടീസ് അയച്ചു.

ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഡ്, ഹരിയാന, ഗുജറാത്ത്, കർണ്ണാടക, ഹിമാചൽപ്രദേശ്, ജാർഖണ്ഡ് എന്നിവയാണ് ആ ഒൻപത് സംസ്ഥാനങ്ങൾ. നാലാഴ്ചയ്ക്കകം മറുപടി നൽകണമെന്ന് കോടതി നിർദ്ദേശിച്ചു. നിയമം സ്റ്റേ ചെയ്യണോ എന്നതടക്കമുള്ള കാര്യങ്ങൾ ആറാഴ്ചയ്ക്കകം തീരുമാനിക്കും.

സിറ്റിസൺസ് ഫോർ പീസ് ആൻഡ് ജസ്റ്റിസ് എന്ന സന്നദ്ധ സംഘടന, യുപിയിലെ നിയമം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി പരിഗണിക്കവേയാണ് സുപ്രീം കോടതിയുടെ നിർണ്ണായകമായ ഈ നീക്കം.

ന്യൂനപക്ഷങ്ങളുടെ മതസ്വാതന്ത്ര്യം, മിശ്രവിവാഹം, മതപരമായ ആചാരങ്ങൾ എന്നിവ തടയാൻ ഈ നിയമം ദുരുപയോഗം ചെയ്യുന്നുവെന്ന് മുതിർന്ന അഭിഭാഷകൻ ചന്ദർ ഉദയസിങ് പറഞ്ഞു. നിയമം സ്റ്റേ ചെയ്യണമെന്ന് നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ വിമണിനുവേണ്ടി ഹാജരായ വൃന്ദ ഗ്രോവറും ആവശ്യപ്പെട്ടു.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V